# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 12.08.2023 മുതൽ 16.08.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 32/2023 (64) വെള്ളിയാഴ്ച | തീയ്യതി 11/08/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 12.08.2023 | 13.08.2023 | 14.08.2023 | 15.08.2023 | 16.08.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 5 | 3 | 3 | 0.2 | 0.2 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 86 | 86 | 82 | 82 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 72 | 72 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 8 | 8 | 8 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 320 | 340 | 340 | 340 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 6 | 6 |

കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ മഴയുടെ തീവ്രത കുറഞ്ഞു വരാൻ സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| നെല്ല് (വിരിപ്പ്) | ബാക്ടീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മരച്ചീനി | വേര് ചീയൽ | കൃഷിയിട ശുചീകരണം; വിളപരിക്രമണം; നീർവാർച്ച ക്രമീകരിക്കുക; ചെടിയൊന്നിന് 150-250 ഗ്രാം കുമ്മായം ചേർക്കുക; രോഗമില്ലാത്ത കമ്പ് മാത്രം നടാൻ ഉപയോഗിക്കുക; ചെടിയൊന്നിന് 20 ഗ്രാം വേപ്പിൻ പിണ്ണാക്ക് ഇടുക; 1 കി. ഗ്രാം. ട്രൈക്കോഡെർമ്മ സമ്പുഷ്ട ചാണകം നൽകുക; നടീൽ വസ്തു 0.1 % കാർബെൻഡാസിം അല്ലെങ്കിൽ കാർബെൻഡാസിം-മാങ്കോസെബ് കുമിൾനാശിനി മിശ്രിതത്തിൽ (0.2%) 10 മിനിറ്റ് മുക്കി വച്ച ശേഷം നടുക; അതോടൊപ്പം ഇതേ കുമിൾനാശിനികളിൽ ഏതെങ്കിലും നടീൽ സമയം മുതൽ 15 ദിവസ ഇടവേളകളിൽ 3 പ്രാവശ്യം തളിച്ച് കൊടുക്കുക. |

മത്സ്യകൃഷി:- ആസ്സാം വാള / മലേഷ്യൻ വാള / കുറി വള എന്നറിയപ്പെടുന്ന പങ്കാഷ്യസ് മത്സ്യങ്ങൾ സെന്റിന് 500 എണ്ണം എന്ന തോതിൽ സ്റ്റോക്ക് ചെയ്യാവുന്നതാണ്. അവയ്ക്ക് അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ വലിച്ചെടുക്കാനുള്ള കഴിവുണ്ട്.